## I. നാം ദൈവകൃപ അറിയുകയും അനുഭവമാക്കുകയും ആസ്വദിക്കുകയും വേണം

- ദൈവകൃപ വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. പുതിയനിയമപ്രകാരം, കൃപ പ്രധാനമായും ദൈവം നമുക്കുവേണ്ടി ചെയ്യുന്ന പ്രവൃത്തിയല്ല എന്നാണ്; നമ്മുടെ അസ്തിത്വത്തിലേക്ക് പകരപ്പെടുകയും നമ്മുടെ ആസ്വാദനമായി അനുഭവമാക്കുന്നതുമായ ത്രിയേക ദൈവം തന്നെയാണ് കൃപ. കൃപ യേശു ക്രിസ്തു മുഖാന്തരം വന്നു. കൃപ എന്നത്, ദൈവം താൻ ആയിരിക്കുന്നതെല്ലാം നമ്മുടെ ആസ്വാദനമായിരിക്കേണ്ടതിന്, ദൈവം തന്റെ പുത്രനായ യേശു ക്രിസ്തുവിൽ നമ്മുടെ ഓഹരിയാകുന്നതാണ്. കൃപ എന്നത് കേവലം ക്രിസ്തു താൻതന്നെയല്ല; ക്രിസ്തു നീങ്ങുന്നതും, ക്രിസ്തു പ്രവർത്തിക്കുന്നതും, ക്രിസ്തു വാഴുന്നതും, ക്രിസ്തു ബോധ്യപ്പെടുത്തുന്നതും, ക്രിസ്തു കീഴപ്പെടുത്തുന്നതും, ക്രിസ്തു രക്ഷിക്കുന്നതും, ക്രിസ്തു ഉയർത്തുന്നതും കൂടിയാണ്.കൃപയുടെ വ്യത്യസ്ത വശങ്ങളുണ്ട്: വലിയ കൃപ; ദൃശ്യമായ കൃപ; നമ്മെ രക്ഷിക്കുന്ന കൃപ; നമ്മെ ശക്തിപ്പെടുത്തുന്ന കൃപ; ചൊരിയപ്പെട്ട കൃപ; യഥാർഥ കൃപ; ദൈവകൃപയ്ക്ക് ഭരമേൽപ്പിക്കപ്പെടുന്നു; കൃപയുടെ പ്രവർത്തനം; തക്കസമയത്ത് സഹായത്തിനായുള്ള കൃപ; സമൃദ്ധമായ, വാഴുന്ന കൃപ; അവന്റെ കൃപയാൽ നീതീകരിക്കപ്പെട്ടു; കൃപ എങ്ങനെ സ്വീകരിക്കാം; കൃപയ്ക്കൊത്തവണ്ണമുള്ള വരങ്ങൾ; പര്യാപ്തമായ കൃപ; കർത്താവായ യേശു ക്രിസ്തുവിന്റെ കൃപ; നമ്മുടെ ആത്മാവോടുകൂടെയുള്ള കൃപ; "കർത്താവായ യേശുവിന്റെ കൃപ സകല വിശുദ്ധന്മാരോടും കൂടെ ഇരിക്കട്ടെ. ആമേൻ".. [John 1:14] വചനം ജഡമായിത്തീർന്നു, കൃപയും യാഥാർഥ്യവും നിറഞ്ഞവനായി, നമ്മുടെ ഇടയിൽ കൂടാരമടിച്ചു,... [John 1:17] ന്യായപ്രമാണം മോശെ മുഖാന്തരം നൽകപ്പെട്ടു; കൃപയും യാഥാർഥ്യവും യേശു ക്രിസ്തു മുഖാന്തരം വന്നു. [Eph 2:7] വരുവാനുള്ള യുഗങ്ങളിൽ ക്രിസ്തു യേശുവിൽ നമ്മോടുള്ള ദയയാൽ അവന്റെ കൃപയുടെ അളവറ്റ ധനം പ്രദർശിപ്പിക്കേണ്ടതിനു തന്നെ. [1 Cor 15:10] എന്നാൽ ദൈവത്തിന്റെ കൃപയാൽ ഞാൻ ആകുന്നത് ഞാൻ ആകുന്നു; എന്നോടുള്ള അവന്റെ കൃപ വ്യർഥമായിത്തീർന്നതുമില്ല, എന്നാൽ അതിന് വിരുദ്ധമായി, അവരിൽ എല്ലാവരിലും അത്യധികമായി ഞാൻ അധ്വാനിച്ചു, എങ്കിലും ഞാനല്ല എന്നോടുകൂടെയുള്ള ദൈവകൃപയത്രേ.

- ക്രിസ്തുവിലുള്ള വിശ്വാസികൾ എന്ന നിലയിൽ, പുതിയനിയമത്തിൽ വെളിപ്പെടുത്തിയിരിക്കുന്നതുപോലെ നാം കർത്താവിന്റെ കൃപ അനുഭവമാക്കണം: 1. കർത്താവിന്റെ അത്യന്തം സമൃദ്ധമായ കൃപയിലൂടെ വിശ്വാസവും സ്നേഹവും ഉണ്ടായിരിക്കുന്നു; 2. ദൈവത്തിന്റെ സമൃദ്ധമായ കൃപയിൽ പ്രവേശനം നേടുകയും അതിൽ നിൽക്കുകയും ചെയ്യുന്നു; 3. കൃപയിൽ നിത്യാശ്വാസവും നല്ല പ്രത്യാശയും ആസ്വദിക്കുന്നു; 4. തക്കസമയത്തേക്കുള്ള സഹായത്തിനായി കൃപ കണ്ടെത്തുവാൻ കൃപയുടെ സിംഹാസനത്തിലേക്ക് ധൈര്യത്തോടെ മുമ്പോട്ടുവരുന്നു; 5. ദൈവത്തിന്റെ സകല കൃപയുടെയും വർധിച്ചുവരുന്ന സഹായം പ്രാപിക്കുന്നു; 6. ദൈവത്തിന്റെ പെരുകുന്ന കൃപ നിരന്തരം ആസ്വദിക്കുന്നു; 7. താഴ്മയുള്ളവരായിരിക്കുന്നതിലൂടെ ദൈവത്തിന്റെ വലിയ കൃപ ആസ്വദിക്കുന്നു; 8. നമ്മുടെ ബലഹീനതയിൽ, കർത്താവിന്റെ മതിയായ കൃപയുടെ, ക്രിസ്തുവിന്റെ നിഴലിടുന്ന ശക്തിയുടെ തികവിനെ അനുഭവമാക്കുന്നു; 9. കഷ്ടമനുഭവിച്ചശേഷം ദൈവത്തിന്റെ സകല കൃപയാലും തികവ് പ്രാപിക്കുകയും, ഉറപ്പിക്കപ്പെടുകയും, ബലപ്പെടുകയും, അടിസ്ഥാനപ്പെടുകയും ചെയ്യുന്നു; 10. അവനാൽ ഭരമേല്പിക്കപ്പെട്ട ദൈവകൃപയുടെ കാര്യവിചാരകത്വം നിർവഹിക്കുന്നു—അതായത്, ക്രിസ്തുവിന്റെ ധനത്തെ ദൈവത്തിന്റെ കൃപയായി ജനത്തിലേക്ക് പകരുന്നു; 11. നമ്മുടെ ജീവിതത്തിൽ, കെട്ടുപണിയുടെ വാക്കുകൾ സംസാരിക്കുകയും അങ്ങനെ ജനത്തിന് കൃപ നൽകുകയും ചെയ്യുന്നു; 12. കൃപയുടെയും നീതിയുടെ ഉപഹാരത്തിന്റെയും സമൃദ്ധി സ്വീകരിച്ചുകൊണ്ട് ജീവനിൽ വാഴുന്നു—കൃപ നിത്യജീവങ്കലേക്ക് വാഴുന്നു; 13. എല്ലാ വിശ്വാസികൾക്കും അവരുടെ മേൽ കൃപ ലഭിക്കുകയും സഭ പണിയപ്പെടുകയും ചെയ്യുന്നു; വിശ്വാസികൾക്ക് ലഭിക്കുന്ന കൃപ ദൃശ്യമാകുന്നു. [1 Tim 1:14] നമ്മുടെ കർത്താവിന്റെ കൃപ ക്രിസ്തു യേശുവിൽ വിശ്വാസത്തോടും സ്നേഹത്തോടും കൂടെ അത്യന്തം സമൃദ്ധമായി. [2 Cor 9:8] നിങ്ങൾ സകലത്തിലും എല്ലായ്പ്പോഴും പൂർണ തൃപ്തിയുള്ളവരായി, സകല സൽപ്രവൃത്തിക്കായി വർധിച്ചുവരേണ്ടതിന്, നിങ്ങൾക്ക് സകല കൃപയും വർധിപ്പിക്കുവാൻ ദൈവം പ്രാപ്തൻ ആകുന്നു. [Eph 3:2] നിങ്ങൾക്കായി എനിക്കു നൽകപ്പെട്ട ദൈവകൃപയുടെ കാര്യവിചാരകത്വത്തെക്കുറിച്ച് നിങ്ങൾ വാസ്തവമായി കേട്ടിട്ടുണ്ടെങ്കിൽ, [Eph 4:29] നിങ്ങളുടെ വായിൽനിന്ന് ദുഷിച്ച വാക്കൊന്നും പുറപ്പെടാതെ, കേൾക്കുന്നവർക്ക് കൃപ ലഭിക്കേണ്ടതിന്, ആവശ്യാനുസരണം, കെട്ടുപണിക്ക് കൊള്ളാവുന്നതു മാത്രം പുറപ്പെടട്ടെ.

## II. പ്രവൃത്തികളുടെ പുസ്തകത്തിലെ കൃപ നാം കാണേണ്ടതുണ്ട്

- “അപ്പൊസ്തലന്മാർ വലിയ ശക്തിയോടെ കർത്താവായ യേശുവിന്റെ പുനരുത്ഥാനത്തിന് സാക്ഷ്യം നൽകിവന്നു; എല്ലാവരുടെയും മേൽ വലിയ കൃപയും ഉണ്ടായിരുന്നു”. ഈ കൃപ, നീങ്ങുന്നവനും ബോധ്യപ്പെടുത്തുന്നവനും കീഴ്പ്പെടുത്തുന്നവനും വിടുവിക്കുന്നവനും ഉയർത്തുന്നവനും അതീതനുമായ ജീവനുള്ള യേശുവല്ലാതെ മറ്റൊന്നുമല്ല; [Acts 4:33] അപ്പൊസ്തലന്മാർ വലിയ ശക്തിയോടെ യേശു ക്രിസ്തുവിന്റ പുനരുത്ഥാനത്തിന് സാക്ഷ്യം നൽകിവന്നു, എല്ലാവരുടെയും മേൽ വലിയ കൃപയും ഉണ്ടായിരുന്നു.

- “പൗലൊസും ബർന്നബാസും...അവരോട് സംസാരിക്കുകയും ദൈവകൃപയിൽ നിലനിൽക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്തു”. കൃപയിൽ തുടരുക എന്നതിനർഥം നമുക്ക് ഈ കൃപ ലഭിച്ചുകഴിഞ്ഞു എന്നാണ്. ദൈവകൃപ വിശുദ്ധവും വിശ്വസ്തവുമായ എല്ലാ കാര്യങ്ങളും കൂടിച്ചേർന്നതാണ്; [Acts 13:43] അനേകർ പൗലൊസിനെയും ബർന്നബാസിനെയും പിന്തുടർന്നു; അവർ അവരോട് സംസാരിക്കുകയും ദൈവകൃപയിൽ നിലനിൽക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്തു.

- “അവർ ഗണ്യമായ കാലയളവ് കർത്താവിൽ ധൈര്യത്തോടെ സംസാരിച്ചുകൊണ്ട് ചെലവഴിച്ചു....തന്റെ കൃപയുടെ വചനത്തെ അവൻ സാക്ഷ്യപ്പെടുത്തി.” 3-ാം വാക്യത്തിൽ അവന്റെ കൃപയുടെ വചനം എന്ന പദപ്രയോഗത്തിന്റെ പ്രാധാന്യം നാം കാണണം; [Acts 14:3] അതുകൊണ്ട് അവർ ഗണ്യമായ കാലയളവ് കർത്താവിൽ ധൈര്യത്തോടെ സംസാരിച്ചുകൊണ്ട് ചെലവഴിച്ചു, ...തന്റെ കൃപയുടെ വചനത്തെ അവൻ സാക്ഷ്യപ്പെടുത്തി..

- “തങ്ങൾ നിവർത്തിച്ച വേലയ്ക്കായി തങ്ങളെ ദൈവകൃപയ്ക്കു ഭരമേല്പിച്ചു”. നമുക്ക് ജീവനും സകലവുമായിത്തീരുന്ന ത്രിയേക ദൈവമാണ് കൃപ. [Acts 14:26] അവിടെനിന്ന് അവർ, തങ്ങൾ നിവർത്തിച്ച വേലയ്ക്കായി തങ്ങളെ ദൈവകൃപയ്ക്കു ഭരമേൽപ്പിച്ചിരുന്ന ഇടമായ അന്ത്യൊക്യയിലേക്ക് കപ്പൽ കയറി.

- "കർത്താവായ യേശുവിന്റെ കൃപയിലൂടെ അവർ രക്ഷിക്കപ്പെട്ട അതേ രീതിയിൽത്തന്നെ നാമും അവരെപ്പോലെ തന്നെ രക്ഷിക്കപ്പെട്ടു എന്ന് ഞങ്ങൾ വിശ്വസിക്കുന്നു". ഈ കൃപയിൽ കർത്താവെന്ന വ്യക്തിയും അവന്റെ വീണ്ടെടുപ്പിൻ വേലയും ഉൾപ്പെടുന്നു; [Acts 15:11] എന്നാൽ കർത്താവായ യേശുവിന്റെ കൃപയിലൂടെ അവർ രക്ഷിക്കപ്പെട്ട അതേ രീതിയിൽത്തന്നെ നാമും രക്ഷിക്കപ്പെട്ടു എന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

- "പൗലൊസ് ശീലാസിനെ തിരഞ്ഞെടുത്ത്, സഹോദരന്മാരാൽ കർത്താവിന്റെ കൃപയ്ക്ക് ഭരമേല്പിക്കപ്പെട്ടിട്ട് പുറപ്പെട്ടുപോയി". പൗലൊസ് കർത്താവിന്റെ കൃപയ്ക്ക് ഭരമേല്പിക്കപ്പെട്ടു; [Acts 15:40} എന്നാൽ പൗലൊസ് ശീലാസിനെ തിരഞ്ഞെടുത്ത്, സഹോദരന്മാരാൽ കർത്താവിന്റെ കൃപയ്ക്ക് ഭരമേൽപ്പിച്ചിട്ട് പുറപ്പെട്ടുപോയി.

- “ഞാൻ നിങ്ങളെ ദൈവത്തിനും, നിങ്ങളെ കെട്ടുപണി ചെയ്യുവാനും വിശുദ്ധീകരിക്കപ്പെട്ട എല്ലാവരുടെയും ഇടയിലുള്ള അവകാശം നിങ്ങൾക്ക് നൽകുവാനും കഴിയുന്ന അവന്റെ കൃപയുടെ വചനത്തിനും ഭരമേല്പിക്കുന്നു”. ദൈവത്തിന്റെ സമൃദ്ധമായ കൃപയുടെ വചനം വിശുദ്ധന്മാരെ കെട്ടുപണി ചെയ്യുവാൻ ഉതകുന്നതാണ്. വിശുദ്ധീകരിക്കപ്പെട്ട എല്ലാവരുടെയും ഇടയിലുള്ള അവകാശം നമുക്ക് നൽകുന്നതിന് ദൈവകൃപയുടെ വചനം പ്രവർത്തിക്കുന്നു: ഈ അവകാശം തന്റെ വീണ്ടെടുക്കപ്പെട്ട ജനത്തിനുവേണ്ടി തനിക്കുള്ളതും, താൻ ചെയ്തതതും, താൻ ചെയ്യാൻ പോകുന്നതുമായ എല്ലാകാര്യങ്ങളോടും കൂടിയ ത്രിയേക ദൈവം തന്നെയാണ്. നമ്മുടെ നിത്യാവകാശം ദിവ്യജീവനോട് ബന്ധപ്പെട്ടിരിക്കുന്നു, അത് നമുക്ക് വീണ്ടും ജനത്തിലൂടെ ലഭിക്കുകയും, നമ്മുടെ ക്രിസ്തീയ ജീവിതത്തിലുനീളം അനുഭവമാക്കുകയും ആസ്വദിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ അവകാശത്തിൽ പങ്കുകൊള്ളുന്നതിന് നാം വിശുദ്ധീകരിക്കപ്പെടണം, വിശുദ്ധീകരിക്കപ്പെടുവാൻ ദൈവത്തിന്റെ കൃപയുടെ വചനം ആവശ്യമാണ്. [Acts 20:32] ഇപ്പോൾ ഞാൻ നിങ്ങളെ ദൈവത്തിനും, നിങ്ങളെ കെട്ടുപണി ചെയ്യുവാനും വിശുദ്ധീകരിക്കപ്പെട്ട എല്ലാവരുടെയും ഇടയിലുള്ള അവകാശം നിങ്ങൾക്ക് നൽകുവാനും കഴിയുന്ന അവന്റെ കൃപയുടെ വചനത്തിനും ഭരമേൽപ്പിക്കുന്നു.